**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2752** | **13-02-2024 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ബോർഡിന്റെ കേന്ദ്രസഹായം ലഭിക്കുന്ന പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | **ശ്രീ . കെ . കൃഷ്ണൻകുട്ടി**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** |

(എ) വൈദ്യുതി ബോർഡിന്റെ നിലവിലെ പദ്ധതി വിഹിതത്തിന്റെ വരവും ചിലവുകളും വിശദീകരിക്കുമോ ;

(എ) 2023-24-ലെ സംസ്ഥാന ബഡ്ജറ്റിലെ വൈദ്യുതി ബോർഡിനായുള്ള പദ്ധതി വിഹിതം 52.37 കോടി രൂപയാണ്. ഇതിൽ 34.71 കോടി രൂപ അനുവദിച്ച നൽകിയിട്ടുണ്ട്. ടി പദ്ധതികളുടെ ചെലവു വിവരം താഴെ ചേർക്കുന്നു.

| **പദ്ധതി** | **ബഡ്ജറ്റ് തുക (കോടിയിൽ)** | **തനതു വർഷം ബോർഡിന് റീമ്പേഴ്‌സ്മെന്റായി നൽകിയ തുക (കോടിയിൽ)** | **2023-24-ൽ ചെലവായ തുക (കോടിയിൽ)** |
|---|---|---|---|
| ഇന്നവേഷൻ & എസ്കോട്ട് ഫണ്ട് | 34.36 | 6.00 | 1.32 |
| ട്രാൻസ്ഗ്രിഡ് | 0.01 | - | 158.00 |
| ഡ്രിപ്പ് | 18.00 | 18.55 | 4.75 |
| പെരുവണ്ണാമൂഴി | - | 10.16 | - |
| റൂഫ് ടോപ്പ് | - | 0.60 | - |

കേന്ദ്രസഹായം ലഭിക്കുന്ന PMKUSUM പദ്ധതി പ്രകാരം 11 MW സൗരോർജ്ജ നിലയങ്ങളുടെ നിർമ്മാണം നടന്നുവരുന്നു. ഈ പദ്ധതിയുടെ അടങ്കൽ തുക 55 കോടി രൂപയാണ്. 1.05 കോടി/മെഗാവാട്ട്, നിരക്കിൽ 11.55 കോടി രൂപ കേന്ദ്ര സഹായമായി ലഭിക്കുന്നതാണ്.

(ബി) വൈദ്യുതി ബോർഡിന്റെ ഏതൊക്കെ പദ്ധതികൾക്കാണ് കേന്ദ്ര സഹായങ്ങൾ

(ബി) വൈദ്യുതി ബോർഡിന്റെ താഴെപ്പറയുന്ന പദ്ധതികൾക്കാണ് കേന്ദ്ര സഹായം ലഭിച്ചിട്ടുള്ളതും ലഭിക്കുന്നതും.

1. എം.എൻ.സി.ഇ.എസ്.

2. ആർ.ജി.ജി.വി.വൈ.

3. ഡി.ഡി.ജി.

ലഭിക്കുന്നത് വിശദീകരിക്കുമോ?

4. എം.എൻ.ആർ.ഇ - റൂഫ് ടോപ്പ്

സോളാർ പവർപ്ലാന്റ്.

5. ഇ.മൊബിലിറ്റി പ്രൊമോഷൻ ഫണ്ട്

ഫെയിംഫേസ്-II

6. പി.എസ്.ഡി.എഫ്.

7. ഡി.ഡി.യു.ജി.ജെ.വൈ.

8. ഐ.പി.ഡി.എസ്.

9. എ.ഡി.എം.എസ്.

10. എർനാട് ലൈൻ പാക്കേജ്.

11. എൻ.ആർ.എൽ.റ്റി.എച്ച്.എസ്.

12. സൗഭാഗ്യ.

13. ഒ.പി.ജി.ഡബ്ല്യൂ റിലയബിൾകമ്മ്യൂണിക്കേഷൻ.

14. ആർ.എ.പി.ഡി.ആർ.പി - പാർട്ട്-ബി.

15. സമസ്ത്

16. ആർ.ഡി.എസ്.എസ്.

കേന്ദ്ര സർക്കാരിന്റെ ന്യൂ ആന്റ് റിന്യൂവബിൾ എനർജി മന്ത്രാലയത്തിന്റെ ധനസഹായത്തോടെ കെ.എസ്.ഇ.ബി. എൽ കണ്ണൂർ ജില്ലയിൽ 7.5 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള പഴശ്ശിസാഗർ ചെറുകിട ജലവൈദ്യുത പദ്ധതി, കോഴിക്കോട് ജില്ലയിൽ 6 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതി, എറണാകുളം ജില്ലയിൽ 24 മെഗാവാട്ട് ശേഷിയുള്ള ഭൂതത്താൻകെട്ട് ചെറുകിട ജലവൈദ്യുത പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതികൾക്കായി ന്യൂ ആന്റ് റിന്യൂവബിൾ എനർജി മന്ത്രാലയം അനുവദിച്ച ധനസഹായത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

**I. നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ**

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | കേന്ദ്രത്തിന്റെ ധനസഹായത്തിന്റെ വിശദാംശം | | കുറിപ്പ് |
|---|---|---|---|---|
| | | അനുവദിച്ചത് | ലഭിച്ചത് | |
| 1 | പഴശ്ശിസാഗർ ചെറുകിട | 20 കോടി | 5 കോ | 42.30 ശതമാനം |

| | | | | |
|---|---|---|---|---|
| | ജലവൈദ്യുത പദ്ധതി (7.5 മെഗാവാട്ട്) | | ടി | പ്രവൃത്തികൾ പൂർത്തീകരിച്ചു |
| 2 | പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതി (6 മെഗാവാട്ട്) | 20 കോടി | 5 കോടി | 100 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചു |
| 3 | ഭൂതത്താൻകെട്ട് ചെറുകിട ജലവൈദ്യുത പദ്ധതി (24 മെഗാവാട്ട്) | 20 കോടി | 18 കോടി | 94.06 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചു |

**II. കമ്മീഷൻ ചെയ്ത പദ്ധതികൾ**

| ക്രമ നം. | പദ്ധതിയുടെ പേര് | കേന്ദ്ര സഹായത്തിന്റെ വിശദാംശം | |
|---|---|---|---|
| | | അനുവദിച്ചത് | നൽകിയത് |
| 1 | വെള്ളത്തൂവൽ ചെറുകിട ജലവൈദ്യുത പദ്ധതി (3.6 മെഗാവാട്ട്) | 3.54 കോടി രൂപ | 3.186 കോടി രൂപ |
| 2 | കക്കയം ചെറുകിട ജലവൈദ്യുത പദ്ധതി (3 മെഗാവാട്ട്) | 3.30 കോടി രൂപ | 2.97 കോടി രൂപ |
| 3 | പൊരിങ്ങൽക്കുത്ത് | 20 | 18 |

| | | | |
|---|---|---|---|
| | ചെറുകിട ജലവൈദ്യുത പദ്ധതി (24 മെഗാവാട്ട്) | കോടി രൂപ | കോടി രൂപ |
| 4 | ചാത്തൻകോട്ടു നട ചെറുകിട ജലവൈദ്യുത പദ്ധതി സ്റ്റേജ് II (6മെഗാവാട്ട്) | 4.50 കോടി രൂപ | 1.12 കോടി രൂപ |
| 5 | അപ്പർ കല്ലാർ ചെറുകിട ജലവൈദ്യുത പദ്ധതി (2 മെഗാവാട്ട്) | 7 കോടി രൂപ | 3.85 കോടി രൂപ |

വൈദ്യുതി വിതരണ മേഖലയിലും ഉപപ്രസരണ മേഖലയിലും നടപ്പാക്കിവരുന്ന കേന്ദ്ര സർക്കാർ പദ്ധതിയാണ് റീവാംപ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം (ആർ.ഡി.എസ്.എസ്). ആർ.ഡി.എസ്.എസ് മാനദണ്ഡങ്ങൾ പ്രകാരം കെ.എസ്.ഇ.-ബി.എൽ കേരള സർക്കാർ അംഗീകാരത്തോടെ സമർപ്പിച്ച ഡി.പി.ആർ നും Action Plan-നും 3/2022-ൽ കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചു. പദ്ധതി കാലാവധി പൂർത്തിയാകുന്ന 2025-26 ൽ കൂടി AT & C നഷ്ടം കുറയ്ക്കുന്നതിനുള്ള വിതരണ മേഖലയിലെയും ഉപപ്രസരണ മേഖലയിലെയും അടിസ്ഥാന വികസന പ്രവൃത്തികൾക്കും സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തികൾക്കുമാണ് ആദ്യഘട്ടത്തിൽ 10475.03 കോടി രൂപയുടെ അനുമതി 03/2022-ൽ ലഭിച്ചത്. ഇതിൽ വിതരണ മേഖലയിലെ നഷ്ടം കുറയ്ക്കുന്നതിനായുള്ള പ്രവൃത്തികളുടെയും, സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തികളുടെയും ദർഘാസ് നടപടികൾ നടന്നുവരികയാണ്. ഉപപ്രസരണ മേഖലയിലുള്ള, പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ആർ.ഡി.എസ്.എസ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭാഗികമായി വൈദ്യുതീകരിച്ച PVTG കോളനികളിലെ 261 ഗൃഹങ്ങൾ വൈദ്യുതീകരിക്കുന്നതിനായുള്ള കെ.എസ്.ഇ.ബി.എൽ സമർപ്പിച്ച ഡി.പി.ആർ (പദ്ധതിരേഖ) 03.01.2024 -ൽ ചേർന്ന കേന്ദ്ര ഊർജ്ജ മന്ത്രാലയം, മോണിറ്ററിങ് കമ്മിറ്റി മീറ്റിംഗിൽ അംഗീകരിച്ചു. പ്രസ്തുത ഡി.പി.ആർ, കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം ചീഫ് സെക്രട്ടറി അധ്യക്ഷനായ Distribution Reforms Committee യിൽ വെയ്ക്കുകയും പ്രസ്തുത യോഗം ഇത് അംഗീകരിക്കുകയും ചെയ്തു. Distribution Reforms Committee അംഗീകരിച്ച പദ്ധതി രേഖയിന്മേലുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

PMKUSUM പദ്ധതി പ്രകാരമുള്ള സൗരോർജ്ജ നിലയങ്ങൾക്ക് കേന്ദ്രസഹായം ലഭ്യമാകുന്നുണ്ട്. നിലവിൽ 4 .69 കോടി രൂപ അനുവദിച്ചിട്ടുണ്ട് .

വൈദ്യുത വാഹനങ്ങൾക്കുള്ള ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ FAME II പദ്ധതി പ്രകാരമുള്ള സഹായം ലഭിച്ചിട്ടുണ്ട്. 30 സ്റ്റേഷൻ

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിലേക്കായി 3.697 കോടി രൂപ അനുവദിച്ചതിൽ 77ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.<br><br>വൈദ്യുതി ബോർഡിന്റെ സൗര പദ്ധതിയുടെ ഭാഗമായി ഗാർഹിക മേഖലയിൽ, പുരപ്പുറ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയിൽ, കേന്ദ്ര ഗവൺമെന്റിന്റെ നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിൽ നിന്നും 1 മുതൽ 3 കിലോവാട്ട് വരെ കിലോവാട്ടിന് 14588 രൂപയും 3 കിലോവാട്ടിന് മേൽ 10 കിലോവാട്ട് വരെ കിലോവാട്ടിന് 7294 രൂപയും കെ.എസ്.ഇ.ബി.എൽ. വഴി സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റുകളുടെ ഉപഭോക്താക്കൾക്ക് സബ്‌സിഡി ആയി ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ